# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1112 | 30.09.2016-ൽ മറുപടിയ്ക്ക് |
|---|---|

**അമൃത് പദ്ധതി**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.സി.ദിവാകരൻ** | | **ശ്രീ.കെ.ടി.ജലീൽ**<br>**തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി** |
| (എ) | കേന്ദ്ര ആവിഷ്കൃത നഗരപരിഷ്കരണ പദ്ധതിയായ 'അമൃത്' '-ലേയ്ക്ക് സർക്കാർ നൽകിയ വാർഷിക പദ്ധതിക്ക് കേന്ദ്ര അനുമതി ലഭിച്ചോ; വ്യക്തമാക്കുമോ; | (എ) | കേന്ദ്രാവിഷ്കൃത നഗര പരിഷ്ക്കരണ പദ്ധതിയായ 'അമൃത്' ലേക്ക് സംസ്ഥാന സർക്കാർ സമർപ്പിച്ച വാർഷിക പദ്ധതികൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. |
| (ബി) | അനുമതി ലഭിച്ചെങ്കിൽ എത്ര കോടി രൂപയുടേതെന്നും ഏതൊക്കെ നഗരങ്ങളിൽ എന്നും വ്യക്തമാക്കുമോ ? | (ബി) | പ്രസ്തുത പദ്ധതിക്കായി സംസ്ഥാനത്തെ 9 നഗരങ്ങൾക്കായി 2015-16 സാമ്പത്തിക വർഷത്തിൽ അംഗീകാരത്തിനായി സംസ്ഥാനം സമർപ്പിച്ച **587.99** കോടി രൂപയുടെ പദ്ധതിക്ക് കേന്ദ്ര വിഹിതമായി **287.98** കോടി രൂപയും 2016-17 സാമ്പത്തിക വർഷത്തിൽ അംഗീകാരത്തിനായി സംസ്ഥാനം സമർപ്പിച്ച **796.06** കോടി രൂപയുടെ പദ്ധതിക്ക് കേന്ദ്ര വിഹിതമായി **386.40** കോടി രൂപയും അനുവദിച്ചിട്ടുണ്ട്. പദ്ധതി ചെലവിന്റെ 20% അതാത് തദ്ദേശ നഗര സ്ഥാപനങ്ങളും ബാക്കി വരുന്ന തുക സംസ്ഥാന സർക്കാരുമാണ് വഹിക്കുന്നത്. ഓരോ നഗരങ്ങൾക്കും അനുവദിച്ച തുക അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| നം | നഗരം | അനുവദിച്ച തുക (2015-16) (കോടി) | അനുവദിച്ച തുക (2015-16) (കോടി) |
|---|---|---|---|
| 1. | തിരുവനന്തപുരം | 103.73 | 112.30 |
| 2. | കൊല്ലം | 65.68 | 83.10 |
| 3. | ആലപ്പുഴ | 50.01 | 76.40 |
| 4. | കൊച്ചി | 75.91 | 123.57 |
| 5. | തൃശ്ശൂർ | 71.03 | 88.00 |
| 6. | ഗുരുവായൂർ | 41.76 | 72.06 |
| 7. | പാലക്കാട് | 50.49 | 76.43 |
| 8. | കോഴിക്കോട് | 71.13 | 90.10 |
| 9. | കണ്ണൂർ | 58.25 | 74.10 |
| | **ആകെ** | **587.99** | **796.06** |